**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **1594** — 07.03.2018 ൽ മറുപടിക്ക്

# കെ-ഫോൺ പദ്ധതി

**ചോദ്യം**

**ശ്രീ.കെ.വി.അബ്ദുൾ ഖാദർ**
**ശ്രീമതി.വീണാ ജോർജ്ജ്**
**ശ്രീ.ആന്റണി ജോൺ**
**,, കെ. ബാബു :**

**മറുപടി**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഐ.ടി മേഖലയിൽ വളർച്ചാ നിരക്ക് ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഐ.ടി മേഖലയുടെ സമഗ്ര വികസനം ഉറപ്പാക്കുന്നതിനായി പുതിയ ഐ.ടി. നയം രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമഗ്ര ഐ.ടി വികസനം ഉറപ്പാക്കുന്നതിനും ഡിജിറ്റൽ/ഐ.ടി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പൊതുജന സേവനത്തിന് പ്രയോജനകരമാകുന്നതിന് വേണ്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും നൽകുന്നതിനുമായി ഐ.ടി/ വാർത്താ വിനിമയ രംഗത്തെ സുപ്രധാന വ്യക്തികളെ ഉൾപ്പെടുത്തി ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. ഐ.ടി നയത്തിലധിഷ്ഠിതമായി മേഖലയുടെ വികസനത്തിനും അതുവഴി വളർച്ചാ നിരക്ക് ത്വരിതപ്പെടുത്തുന്നതിനുമായി ചുവടെ കാണും പ്രകാരമുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

1. സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം - കേരള (എസ്.ഡി.പി.കെ).

തൊഴിൽദാതാക്കൾ പ്രതീക്ഷിക്കുന്ന മികവുകളും, കഴിവുകളും സ്വായത്തമാക്കുവാൻ കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനും അവരുടെ പഠന നിലവാരം മെച്ചപ്പെടുത്തി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനുമായി എസ്.ഡി.പി.കെ (സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം - കേരള) എന്ന പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ 150-ഓളം എഞ്ചിനീയറിംഗ് കോളേജുകളെ ടെലിപ്രസൻസ്

നെറ്റ് വർക്ക് വഴി ഐ.ടി പാർക്കുകളുമായി ബന്ധിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

2. ടെക്നോസിറ്റി .

സംസ്ഥാന സർക്കാരിന്റെ 'കേരള ഐ.ടി. പാർക്കുകൾ' എന്ന ബ്രാൻഡിൽ പ്രവർത്തിക്കുന്ന ഐ.ടി. പാർക്കുകളായ ടെക്നോപാർക്ക് - തിരുവനന്തപുരം, ഇൻഫോപാർക്ക് - കൊച്ചി, സൈബർപാർക്ക്-കോഴിക്കോട് എന്നീ പാർക്ക കളിൽ ഐ.ടി/ഐ.ടി.അധിഷ്ഠിത സേവനങ്ങൾ എന്നിവയ്ക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. ടെക്നോപാർക്കിന്റെ നാലാം ഘട്ടമായ ടെക്നോസിറ്റിയുടെ നിർമ്മാണ പ്രവർത്തനവും പുരോഗമിച്ച് വരുന്നു.

3. കേരള ഫൈബർ ഒപ്റ്റിക് നെറ്റ് വർക്ക് (കെ-ഫോൺ).

ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചുകൊണ്ട്, സാർവത്രിക ഇന്റർനെറ്റ് ലഭ്യത എന്ന ലക്ഷ്യവുമായി സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക്കൽ നെറ്റവർക്ക് (കെ-ഫോൺ).

4. പബ്ലിക് വൈ - ഫൈ.

ഇന്റർനെറ്റ് അധിഷ്ഠിത സർക്കാർ സേവനങ്ങൾ കൂടുതൽ കാര്യക്ഷമവും ആയാസരഹിതവുമായി ജനങ്ങളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ തുടങ്ങിയ പദ്ധതിയാണ് പബ്ലിക് വൈ-ഫൈ പദ്ധതി. പൊതുസ്ഥലങ്ങളിൽ പബ്ലിക് വൈ-ഫൈ ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 2000 കേന്ദ്രങ്ങളിൽ വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.

5.കേരളാ ടെക്നോളജി ഇന്നവേഷൻ സോൺ (KTIZ)

വിവിധ സാങ്കേതിക സെക്ടറുകൾക്കായുള്ള ഒരു ആഗോള ഇന്നവേഷൻ ഇൻക്യുബേറ്റർ ഹബ്ബ് ആയി കേരളാ ടെക്നോളജി ഇന്നവേഷൻ സോൺ (KTIZ) സംസ്ഥാന സർക്കാർ സ്ഥാപിച്ചു വരികയാണ്. വിവിധ മേഖലകളിലുള്ള പ്രശസ്ത വ്യക്തികളും വ്യവസായപ്രമുഖരും നടത്തുന്ന ശിൽപശാല, സാങ്കേതിക പ്രദർശനങ്ങൾ, അന്തർദേശീയ

| | | | |
|---|---|---|---|
| | | | കോൺഫെറൻസുകൾ എന്നിവയുടെ വേദിയായി ഈ സോൺ മാറും. |
| (ബി) | ഐ.ടി വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന കെ-ഫോൺ പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ച കൊണ്ട്, സാർവത്രിക ഇന്റർനെറ്റ് ലഭ്യത എന്ന ലക്ഷ്യവുമായി സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക്കൽ നെറ്റ്.വർക്ക് (കെ-ഫോൺ). ഈ പദ്ധതി വഴി സംസ്ഥാനത്ത് 20 ലക്ഷത്തോളം വരുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവനങ്ങളിലേക്ക് സൗജന്യമായും, മറ്റുള്ളവർക്ക് വളരെ കുറഞ്ഞ ചെലവിലും ഇന്റർനെറ്റ് സേവനം ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ സംസ്ഥാനത്തെ 30,000 ത്തോളം വരുന്ന സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് സൗജന്യ ഇന്റർനെറ്റ് സേവനം ഇടതടവില്ലാതെ ലഭ്യമാവുന്നതും പ്രസ്തുത പദ്ധതിയുടെ മുഖ്യലക്ഷ്യങ്ങളിലൊന്നാണ്. |
| (സി) | പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി ഇതുവരെ നടപ്പാക്കിയ പ്രവർത്തികളുടെ വിശദാംശം അറിയിക്കുമോ; | (സി) | പദ്ധതി നിർവഹണത്തിനായി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി. ഐ.എൽ.) ഉം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (കെ.എസ്.ഇ.ബി) ഉം ചേർന്ന് തുല്യ ഓഹരി പങ്കാളിത്തത്തോടെ ഒരു പുതിയ കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. കമ്പനിയുടെ രൂപീകരണത്തിനു വേണ്ടി കരട് മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ, ജോയിന്റ് വെൻചർ എഗ്രിമെന്റ് എന്നിവയുടെ സൂക്ഷ്മ പരിശോധന സർക്കാർ തലത്തിൽ നടന്നു വരുന്നു. കൂടാതെ പുതിയ കമ്പനിയുടെ നടത്തിപ്പിനു വേണ്ടി പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിനെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. |
| (ഡി) | ഈ പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ? | (ഡി) | ഈ പദ്ധതി 2019 അവസാനത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ